**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3388** **04-08-2021 - ൽ മറുപടിയ്ക്ക്**

**ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് കർമ്മ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീമതി ദെലീമ,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പ്രാദേശിക സർക്കാരുകളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി ഈ സർക്കാർ എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | തദ്ദേശ ഭരണ സ്ഥാപനങ്ങൾ ശക്തമായ പ്രാദേശിക സർക്കാരുകളായി മാറിക്കൊണ്ടിരിക്കുകയാണ്. പതിനാലാം പഞ്ചവൽസര പദ്ധതി രൂപീകരിക്കുന്നതിന്റെ ഭാഗമായി ജനകീയാസൂത്രണത്തിന്റെ 25-ാം വാർഷികവുമായി ബന്ധപ്പെടുത്തി ഇതുവരെയുള്ള അനുഭവങ്ങളെ സമഗ്രമായി വിലയിരുത്തുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പദ്ധതി ആസൂത്രണ മാർഗരേഖ പരിഷ്കരിക്കുന്നതുമാണ്. ആധുനിക വിവരവിനിമയ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഭരണ നിർവ്വഹണം കൂടുതൽ സുതാര്യവും വേഗത്തിലുമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. ഇ-ഗവേണൻസിലൂടെ സദ്ഭരണം സാധ്യമാക്കുന്നതിനാണ് പരിശ്രമിക്കുന്നത്. ത്രിതല പഞ്ചായത്തുകൾ തമ്മിലും നഗര ഭരണ സ്ഥാപനങ്ങൾ തമ്മിലും ഏകോപന മികവോട് കൂടെയുള്ള പ്രവർത്തനം കാഴ്ച വെയ്ക്കുന്നതിനും മനുഷ്യവിഭവമടക്കമുള്ള കാര്യങ്ങൾ ആരോഗ്യപരമായി പങ്ക് വെയ്ക്കുന്നതിനും പ്രവർത്തന കാര്യത്തിൽ മികവുണ്ടാക്കുന്നതിനും പൊതുസർവീസ് രൂപീകരിച്ചിട്ടുള്ളത് സഹായകമാകും. പ്രാദേശിക സർക്കാരുകളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും വിവിധ വിഭാഗം ഉദ്യോഗസ്ഥർക്കും കില മുഖേന പരിശീലനങ്ങളും നൽകി വരുന്നുണ്ട്. |
| (ബി) | പഞ്ചായത്ത് ഓഫീസുകൾ ഐ.എസ്.ഒ. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനോടൊപ്പം ഫ്രണ്ട് ഓഫീസ് കാര്യക്ഷമമാക്കി, പൊതുജനങ്ങൾക്ക് സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) | സംസ്ഥാനത്തെ 939 ഗ്രാമപഞ്ചായത്തുകളും പഞ്ചായത്ത് ഡയറക്ടറേറ്റും ഐ.എസ്.ഒ. നിലവാരത്തിലേക്ക് മാറിക്കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ പഞ്ചായത്ത് ഓഫീസുകൾ ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങളുള്ള |

| | | | |
|---|---|---|---|
| | | | ഓഫീസുകളായി മാറിയതോടൊപ്പം ഇത് വഴി പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ നിലവാരം ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ ജനോപകാരപ്രദവും വികസനോന്മുഖവുമാക്കുന്നതിന് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ? | (സി) | പതിനാലാം പഞ്ചവൽസര പദ്ധതിയിൽ നീർത്തടാധിഷ്ഠിത ആസൂത്രണത്തിന് മുൻഗണന നൽകും. തദ്ദേശ സ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. താരതമ്യേന ലളിതവും കാലതാമസം ഒഴിവാക്കുന്നതും വിദഗ്ധരുടേയും സന്നദ്ധ പ്രവർത്തകരുടേയും പങ്കാളിത്തം ഉറപ്പ് വരുത്തുന്നതുമായ ആസൂത്രണ പ്രക്രിയയാണ് ഉദ്ദേശിക്കുന്നത്. പ്രോജക്ടുകളുടെ ഗുണമേന്മയും സാങ്കേതിക നിലവാരവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കും. പദ്ധതി ആസൂത്രണ പ്രക്രിയയിൽ ഇതിനായി ശ്രദ്ധേയമായ മാറ്റങ്ങൾ നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ